# INIZIO

MAGAZINE - LITTLE KITES CLUB



# BHSS. MAVANDIYUR



# പ്രകൃതി ഭംഗി

ലോകത്തെ ഭംഗിയാക്കുന്ന
പ്രകൃതിയെ!
നിൻറെ സൗന്ദര്യത്തിന്റെ
രഹസ്യമെന്ത്?
പച്ചപ്പരവദാനിയിലായി
നീ എന്തൊരു ഭംഗിയാണ്!
നിൻറെ വിസ്മയത്തിൽ ഞാൻ
മതി മറന്നുപോകുന്നു!
വയലും വനവും നദികളുമായി
നീ എന്തൊരു ഭംഗിയാണ്!

Safla 8H

# തിരിച്ചറിവ്

നിഴലായ് ഒഴുകുമീ നിറ നിലാവുപോൽ
മറയുമീ രാവുകൾ മതി വരുമിതുയിരിൽ
ചിറകൊടിയും കിനാക്കളാൽ മാറുമീ സന്ധ്യയിൽ
തെളിയുന്നൊരോർമയായി മുന്നിലീ ജീവിതം
പോയിപോയ കാലമിതെന്ത് നേടി
ഇനിയും നീളുമോ കാത്തിരിപ്പിന് നാളുകൾ
നിഴലറ്റ ജീവനായ് മാറുവാൻ കാലമേ
എന്തിനീ പാതകൾ വീണ്ടു മൊഴുകുന്നു
കരയുവാൻ വെമ്പുന്ന ജീവനിൽ നിന്നും
കുളിർമയായ് തഴുകുവാൻ കരങ്ങളാകു
ഏറെ വാഴുകിയും കാത്തിരിപ്പൂ വസന്തം
കരളിൽ കുളിരാകും പോൻ വസന്തം

**Muhmmed sanoof A.P 9B**

# നാനോ കവിതകൾ

## കതിർ

ഒന്നിൽ നിന്ന്
കതിരുകളായി
പത്തായ്  നിറയെ

## ചിതൽ

കാതലുള്ളതൊന്നും
ചിതലെടുത്തില്ല

## കുന്ന്

കുന്ന്  കാണുന്നുണ്ട്  പുഴ
കടലിനെ  പുണരുന്നത്

## കാക്ക

കാക്ക  ഇതുവരെ
കറുത്തത്  ഓർത്തു
പരിഭവിച്ചിട്ടില്ല

## കാത്

എത്ര  കാത്  കൂർപ്പിച്ചിട്ടും
കണ്ണീർ  തുള്ളികൾ
കടൽ എടുക്കുന്നത്
കേൾക്കുന്നില്ല

FATHIMA SANA . AP 9B

# മൗനം

ചിലനേരം എൻറെ മൗനം
എന്നോട് തന്നെ സംസാരിക്കും
ആ വാക്കുകൾ കേട്ട് ഞാൻ
അറിയാതെ കരയും
കണ്ണീർ തുടയ്ക്കാൻ
പുതപ്പു വലിക്കും
കണ്ണിലെത്തും മുന്നേതുള്ളികൾ
ഒളിച്ചു നീക്കും
ഇരുട്ടിൻറെ പാട്ട് കാതിലേക്കും
ഇരുട്ടിൻറെ നിറം മെല്ലെ മെല്ലെ തെളിയും
ഒടുവിൽ ഓർമ്മകൾക്ക് തോറ്റു
കൊടുത്തു ഞാൻ വഴങ്ങിപ്പോകും

Fathima nasrin 8F

# റാന്തൽ

അന്ധകാരത്തിനു നിറം നൽകുന്ന
നിൻ പ്രതീക്ഷയുടെ കിരണം
ദുഖത്തിനുള്ളിലെ സന്തോഷം
പോൽ നീ...
ഇരുട്ടിനെ വെളിച്ചമാക്കി
പ്രതീക്ഷകൾ നൽകുമ്പോൾ
സൂര്യ കിരണമായ് മാറുന്നു നീ...
ഇരുട്ടിനു കൂട്ടായ് വരുന്ന നീ...
മന്ദമാരുതൻ തഴുകുമ്പോൾ
ആടിയുലഞ്ഞും ഇടക്കൊന്നു
പിണങ്ങിയും
അമ്മതൻ സ്നേഹം പോൽ
ഇരുട്ടിനുള്ളിലെ സ്നേഹദീപമായ്
മാറുന്നു നീ...

FATHIMA SANA. AP 9B

# ചന്ദ്രൻ

ഒരു ദിവസം ഒരു കുട്ടി ബലൂൺ പറത്തുന്നതിനിടയിൽ അറിയാതെ ബലൂൺ ആകാശത്തേക്ക് പോയി. ആകാശത്ത് പോയ ബലൂൺ ആണ് അമ്പിളിമാമൻ.

കുട്ടിയെ കാണാതാകുമ്പോൾ കാറ്റുനിറച്ച ബലൂൺ കാറ്റ് ഒഴിയും പോലെ കാണും. ചില നേരങ്ങളിൽ അത് താഴേക്ക് നോക്കി ചെറുതാകുന്നത് കാണാം. അറിയുമോ, മുകളിൽ ആകാശത്തേക്ക് കുട്ടി നോക്കുമ്പോൾ കണ്ടെന്നുവെച്ചാണ് കാറ്റുനിറച്ച ബലൂൺ പോലെ അത് ചിലപ്പോൾ വലുതായി വലുതായി വീർത്ത് വരുന്നത്. അങ്ങനെ ചെറുതും വലുതുമായി ആകാശത്ത് പാവം ബലൂൺ ചന്ദ്രൻ.

SAFLA 8H

# അതിജീവനം

സൂര്യന്റെ പുതപ്പുവീണ ആ ചുടു മണ്ണിൽ ചെറിയ കാൽപാദങ്ങൾ.
മൊട്ടിട്ടു വിരിയുന്ന ചെറുപൂക്കളുടെ പുഞ്ചിരിയും പേറി പ്രതീക്ഷയുടെ വർണ്ണച്ചിറകോടെ ആർത്തുല്ലസിക്കുകയാണ് അവൾ. ജാനി.
എന്നത്തേയും പോലെ ആ പത്തു വയസ്സുകാരിക്ക് അന്നും ഒരു മോഹം. ഉച്ചമയക്കത്തിനു പകരം ആ മൈതാനത്തിലെ പൊള്ളുന്ന വെയിലിൽ കൂട്ടുകാർക്കൊപ്പം ഉള്ള ആർത്തുല്ലസിപ്പിന്റെ സമയം.ബാല്യത്തിന്റെ വർണ്ണ ശോഭയിൽ തിളങ്ങി നിൽക്കുകയാണ് ജാനി.സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും നിഷ്കളങ്ക മുഖം.പക്ഷേ സന്തോഷകരമായ ആ നേരത്തിന്റെ ഗതി അധികനേരം നീണ്ടു നിന്നില്ല.സൂര്യന്റെ ചെരിഞ്ഞ പ്രകാശത്തിൽ ഭീതി പരത്തിയ ആ രൂപം .
"അച്ഛൻ...... "
അവളുടെ ശബ്ദമിടറി.
തന്റെ എല്ലാ ആഗ്രഹങ്ങൾക്കും വിലങ്ങുതടിയാകുന്ന ഒരേ ഒരാൾ .സ്വപ്നങ്ങൾക്ക് മീതെ ഉയർന്നു പറക്കാൻ ആഗ്രഹിക്കുമ്പോഴും പിൻവലിയാൻ ഉള്ള ഒരേ ഒരു കാരണം.അച്ഛന്റെ  ചുടുകൈകൾക്കുള്ളിൽ അവളുടെ ഇളം കരങ്ങൾ മെല്ലെ ഒതുങ്ങി.മനസ്സിൽ ഉറപ്പിച്ചത് എന്തൊക്കെയോ പറയാൻ ഒരുങ്ങിയെങ്കിലും വാക്കുകളിൽ അപൂർണമായ തടസ്സം. സന്തോഷം ആർത്തിരമ്പുമ്പോഴും സൂര്യനെ പ്രതിയാക്കിയുള്ള അച്ഛന്റെ  സംസാരം അവളെ വേദനിപ്പിച്ചത് കൊണ്ടായിരിക്കണം ഒന്നും മിണ്ടാതെ വിരഹം ഒളിപ്പിച്ചുകൊണ്ട് ജാനി തിരികെ നടന്നത്.
എങ്കിലും വീട്ടിലെ തന്റെ കൊച്ചനിയൻ.ലൂക്കാസ്. ചേച്ചിയെ അടുത്തു വിളിക്കാൻ ആഗ്രഹിച്ചുകൊണ്ട് പൂവിതളുകൾ പോലെയുള്ള കണ്ണുകൾ എപ്പോഴും തിളങ്ങുമായിരുന്നു.

"സംസാരിക്കാനാവാത്തത് കൊണ്ടാ അല്ലെങ്കിൽ ന്റെ കുട്ടി........ "
അത്രയും പറഞ്ഞ് ജാനി എപ്പോഴും അവന്റെ സ്നേഹത്തെ ആസ്വദിച്ചു.അടക്കാനാകാത്ത സ്നേഹത്തിന്റെയും കരുതലിന്റെയും നിറകുടമായിരുന്നു അവൾ. തന്റെ ചുറ്റുപാടിനെയും ആളുകളെയും എന്നും അത്ഭുതത്തോടെ തന്നെയായിരുന്നു ജാനി നോക്കികണ്ടത്.കൂട്ടുകാർക്കൊപ്പം കളിക്കാൻ ഏറെ ആഗ്രഹിച്ച അവൾക്ക് അതിൻറെ വിഷമം ഉണ്ടായിരുന്നു.ആ വിഷമം ഉള്ളിൽ ഒളിപ്പിച്ച് മറ്റുള്ളവർക്ക് മുന്നിൽ പുഞ്ചിരിച്ചുകൊണ്ട് ജാനി തനിക്ക് സന്തോഷം പകരുന്ന മറ്റു പരിപാടികളിലേക്ക് തിരിഞ്ഞു.

2001-ഒക്ടോബർ-7

"രാജ്യത്ത് രണ്ട് ദിവസമായി അയൽരാജ്യതീവ്രവാദി സംഘത്തിന്റെ  കടുത്ത ആക്രമണം.ആക്രമണ ശേഷം ഭക്ഷണത്തിനും പാർപ്പിടത്തിനുമായി ആളുകൾ തിരയുകയാണ്.എല്ലാ മനുഷ്യരെയും കൊന്നൊടുക്കി രാജ്യം പിടിച്ചടക്കാൻ ആണ് തീവ്രവാദി സംഘം അഫ്ഗാനിസ്ഥാനിൽ എത്തിയത്. "
ടിവിയിൽ ഇതും കണ്ടുകൊണ്ട് അമ്മ ജോലി തുടർന്നു.
"എന്താല്ലേ യുദ്ധാത്രേ ...... "
അമ്മ വേവലാതിയോടെ പറഞ്ഞു.
ജാനിയും അവളുടേതായ ലോകവും എന്നും അങ്ങനെ തന്നെ നിലനിന്നു പോന്നു.ചെറിയ സങ്കടങ്ങൾക്കിടയിലും സന്തോഷം പൂവിടുന്ന ഓരോ നിമിഷവും തന്റെ കുടുംബത്തിനും കൂട്ടുകാർക്കും ഒപ്പം അവൾ ആസ്വദിച്ചു കൊണ്ടേയിരുന്നു.

2002-നവംബർ-12
ഒരു വർഷം പിന്നിട്ടു.

ഇപ്പോഴും പഴയ പോലെ തന്നെ എല്ലാ ആനന്ദനിമിഷങ്ങളിലും പങ്കുചേർന്ന് തന്റെ കൊച്ചനുജനെ കളിപ്പിച്ചു കൊണ്ട് ജാനി വീടിൻറെ ഉമ്മറത്ത് ഇരിക്കുകയാണ്

സുരക്ഷ  അറിയിപ്പ് "കാണ്ഡഹാറിൽ തീവ്രവാദി സംഘത്തിൻറെ ആക്രമണം തുടങ്ങി കാണ്ഡഹാറിലെ എല്ലാവരും ജാഗ്രതയോടെ ഇരിക്കേണ്ടതാണ്"
പെട്ടെന്നായിരുന്നു അത്.ഒരു വെടിയൊച്ച.
എല്ലാവരും എവിടേക്കെന്നറിയാതെ പരതുന്നു.നാടാകെ സ്തംഭിച്ചു.ഒപ്പം ജാനിയും.എല്ലാ മനുഷ്യരും ഭീതിയിൽ ചുറ്റുപാടും ഓടുന്നു.
ആൾക്കൂട്ടത്തിനിടയ്ക്ക് നിന്ന് മുഖമാകെ മൂടിക്കെട്ടിയ ഒരാൾ . യുദ്ധക്കളത്തിലേക്കെ ന്ന പോലെയുള്ള വരവും രൂപവും കയ്യിലെ തോക്കും തികച്ചും ആ നഗരത്തെ ഭീതിയിലാഴ്ത്തി.കണ്ണുകൾ തൊട്ടു തിരുമ്മി നാടിന്റെ അവസ്ഥയെ മനസ്സിലാക്കാൻ ശ്രമിക്കുകയാണ് ജാനി.അപ്പോഴേക്കും ഒരുകൂട്ടം കരി മനുഷ്യർ അവൾക്കു മുന്നിൽ എത്തിയിരുന്നു.
"ജാനി........."
അമ്മയുടെ വിളിയുടെ ദൈർഘ്യം അങ്ങനെ നീണ്ടു.ഉമ്മറത്ത് ചിരിച്ചു കിടക്കുന്ന തന്റെ അനിയൻ. യുദ്ധത്താൽ കരിപുരണ്ട മനുഷ്യർക്ക് മുന്നിൽ നിഷ്കളങ്കമായ സ്നേഹത്തിന്റെയും  എളിമയുടേയും മുഖം. അവർക്കു മുന്നിലെ അനിയനെ എങ്ങനെയെങ്കിലും എടുക്കണം. തന്റെ ജീവനേക്കാൾ വലിയ വിലയുള്ള അവനെ രക്ഷിക്കണം. ജാനി അനിയനുനേർക്കോടി. ഒപ്പം അമ്മയും.എന്നാൽ ജീവനു വിലയില്ലാത്ത ആ മനുഷ്യർ കുഞ്ഞിനെ കയ്യിലെടുത്തു.നാടാകെ മുഴങ്ങിക്കേൾക്കുന്ന നിലവിളി.ലൂക്കാ........ആ വിളിയിൽ എല്ലാം ഒതുങ്ങി .

തന്റെ കണ്ണുകളെ വിശ്വസിക്കാനാകാതെ വേരിൽ നിന്നും പിഴുതെറിയപ്പെട്ട ആ ജീവന് നേർക്ക് അവളുടെ ശ്രദ്ധ പതിഞ്ഞു.ഒന്നനങ്ങാൻ പോലും ആകാത്ത വിധം എന്തോ മുറുകെ പിടിച്ചത് പോലെ അവൾക്ക് തോന്നി.ആ കൈക്കുഞ്ഞിനെ അവർ വെടിവെച്ചുകൊന്നു.മനുഷ്യവർഗ്ഗത്തിനോട് വെറുപ്പ് തോന്നും വിധം കണ്ട കാഴ്ചയിൽ നിശബ്ദമായി അവൾ അങ്ങിനെ നിന്നു.പക്ഷേ അവർ അവൾക്കു നേരെ പാഞ്ഞടുത്തു.ഒരു കുഞ്ഞിനെപ്പോലും കൊല്ലാൻ മടിയില്ലാത്ത അവർ എല്ലാവരേയും കൊന്നൊടുക്കാൻ തന്നെ തീരുമാനിച്ചാവണം വന്നത്.എന്തുചെയ്യണമെന്നറിയാതെ ജാനി ദേഹമാകെ രക്തം പുരണ്ട അനിയനെ നോക്കി.അവൻ അപ്പോഴും അവളെ നോക്കി ചിരിക്കുന്നത് പോലെ അവൾക്കു തോന്നി. അമ്മ ജാനിയെ വാരിയെടുത്തു കൊണ്ട് ഉള്ളിലേക്ക് ഓടി.അപ്പോഴേക്കും വീട് ആകെ പൊളിഞ്ഞ അവസ്ഥയിൽ ആയി കഴിഞ്ഞിരുന്നു.
"അച്ഛൻ എവിടെ..."
ജാനിയുടെ ശബ്ദം ഇടറി.
"അച്ഛാ..."
മറുപടിയില്ല.
അച്ഛനെ കാത്തു നിൽക്കണോ. എവിടെ പോയി അന്വേഷിക്കും.
എന്തുചെയ്യണമെന്നറിയാതെ അമ്മയും അവളും ഓട്ടത്തിന്റെ വേഗത കുറച്ചു. "കലുഷിതമായ ആ സാഹചര്യത്തിൽ നിന്ന് അച്ഛൻ രക്ഷപ്പെട്ടു കാണുമോ? "
ഒന്നിനും ഉത്തരമില്ല.
അവർ വേഗത്തിൽ ഓടി. ആ നഗരം അപ്പോഴേക്കും ഭാഗികമായും നശിച്ചിരുന്നു.
എങ്ങോട്ടെന്നില്ലാതെ ഏറെ ദൂരം അവർ പിന്നിട്ടു. ഒരിക്കലും ആലോചിക്കാൻ പോലും കഴിയാത്ത അവസ്ഥ. ഓടിയോടി ജാനിയും അമ്മയും ഏറെ തളർന്നതു കൊണ്ടായിരിക്കാം അവർ ഒരു വീടിനു പിന്നിൽ ചെന്നിരുന്നു. വിശപ്പും ദാഹവും ഏറെയുണ്ടായിരുന്നതുകൊണ്ട് തന്നെ നിലത്തു ചിന്നി ചിതറിക്കിടന്നിരുന്ന എന്തൊക്കെയോ ഭക്ഷ്യ പദാർത്ഥങ്ങൾ

കയ്യിലെടുത്ത് കഴിക്കാൻ
ആരംഭിച്ചു.താൽക്കാലികമായിരക്ഷനേടാൻ ആ സ്ഥലം
ധാരാളം.
രണ്ടുപേരുടെയും അവശമായ മുഖങ്ങൾ.
"പുറകിൽ ആരോ ഉണ്ടോ"
പെട്ടെന്നൊരു സംശയം.ജാനി തിരിഞ്ഞുനോക്കി.
കണ്ണുകളിൽ സ്വർണ്ണത്തിളക്കം. ഏറെനേരമായി തിരഞ്ഞു
നടന്ന തന്റെ  അച്ഛൻ.എന്നാൽ ആ സന്തോഷം ഒരു
നിമിഷത്തേക്ക് മാത്രമായിരുന്നു.വീടിനുള്ളിലേക്ക്
അതിക്രമിച്ചു കയറിയ തീവ്രവാദികൾ ജാനിക്കും
അമ്മയ്ക്കും നേരെ വെടിയുതിർത്തു.സ്വന്തം ഭാര്യയും
കുഞ്ഞും മരണത്തിനു വിധേയമാകുന്നത് നേരിൽ കാണാൻ
ആ അച്ഛന് കഴിയില്ലായിരുന്നു. ഭാര്യയെ ദൂരേക്ക് തള്ളിവിട്ട്
ജാനിക്ക് മുന്നിൽ രക്ഷാകവചമായി ആ പിതാവ്
മരണത്തിന് കാത്തു നിന്നു.
എല്ലാം ഒരു നിമിഷത്തിൽ.
വെടിയുണ്ട അയാളുടെ നെഞ്ചിൽ തുളച്ചു കയറി.
"അച്ഛാ.............. "
എല്ലാം നഷ്ടപ്പെട്ട അവളുടെ മുഖത്തിന്റെ ശോഭ
എന്നന്നേക്കുമായി നിലച്ചു.
"ജാനി ......അച്ഛന് നിന്നെ എന്നും ഇഷ്ടം തന്നെയായിരുന്നു ."
അച്ഛന്റെ അവസാനവാക്ക്.അതുകൂടി കേട്ടപ്പോൾ
അവൾക്ക് തന്റെ സ്വബോധം നഷ്ടപ്പെട്ടതുപോലെ
തോന്നി.മനസ്സിന്റെ  എല്ലാ സങ്കടങ്ങളും ആ ഒറ്റവാക്കിൽ
വിങ്ങിപ്പൊട്ടി.പക്ഷേ ഏറെ സമയമില്ല. തോക്കുമായി
ആളുകൾ അവൾക്ക് നേരെ വന്നു. വാവിട്ടു
കരഞ്ഞുകൊണ്ട് ആ യുദ്ധ ഭൂമിയിലൂടെ
എങ്ങോട്ടെന്നില്ലാതെ ജാനി ഓടി .അവളുടെ ആ കരച്ചിൽ
അന്ന് ലോകത്തിനു മുഴുവൻ കേൾക്കാമായിരുന്നു.അച്ഛന്റെ
സ്നേഹം അന്ന് അവൾ ആദ്യമായി തിരിച്ചറിഞ്ഞു.
അവസാനമായും.ഒന്നുകൂടി ആ സ്നേഹം
അനുഭവിച്ചറിയാൻ അവൾക്കായില്ല.
ഏറെ ദൂരം പിന്നിട്ടു ദൂരെ ഒരുപാട് ആളുകൾ ജീവനുവേണ്ടി
ഓടുന്നു. അടുത്തായി കണ്ട ഒരു പഴയ  വീടിന്റെ

തട്ടിൻപുറത്തേക്ക് അവൾ ഓടി കയറിയിരുന്നു.അവിടെയിരുന്ന് തന്റെ അച്ഛനെയും അനിയനെയും ഓർത്ത് ഉറക്കെ കരഞ്ഞു.
"പക്ഷേ അമ്മ "
അമ്മയെപ്പറ്റി അവൾ അപ്പോഴാണ് ആലോചിച്ചത്. അത്രയും നേരം അതിലൂടെ ഓടിയപ്പോഴും അമ്മ തന്റെ കൂടെ ഉണ്ടായിരുന്നില്ല.തനിക്കാകെ ആശ്വസിക്കാനുള്ള ആ കാരണവും ഇന്നില്ല.
അമ്മയ്ക്ക് എന്തു സംഭവിച്ചു കാണും?കരച്ചിലടക്കാൻ അവൾക്ക് കഴിഞ്ഞില്ല.
ഉള്ളിലെ ശബ്ദം കേട്ടതു കൊണ്ടായിരിക്കും കരിപുരണ്ട അവർ ആ വീടിനു മുകളിലേക്ക് നാലഞ്ചു തവണ വെടിയുതിർത്തു.വീടൊന്നാകെ നിലം പതിച്ചു. ജാനിക്ക് എന്ത് സംഭവിച്ചു.
* അനക്കമില്ല *
നേരം ഏറെ കഴിഞ്ഞു. ആ വീട് മുഴുവൻ പൊളിഞ്ഞ് മരത്തടി കൂമ്പാരം പോലെ കിടക്കുകയാണ്. ആ കുടുംബം എന്നന്നേക്കുമായി ഇല്ലാതെയായി.

അല്ല... മരപ്പലകകൾക്കിടയിൽ നിന്ന് ഒരു അനക്കം.
അതെ ജാനിയിൽ ഇപ്പോഴുമുണ്ട് ജീവന്റെ തുടിപ്പ്.
പക്ഷേ അവളുടെ മനസ്സിലെ ഏക ചിന്ത അമ്മയെ പറ്റിയായിരുന്നു.ജീവനോടെയുണ്ടോ എന്ന കാര്യം പോലും അവൾക്ക് സംശയമാണ്.ഒന്ന് അനങ്ങാൻ പോലും ആകാതെ അവൾ അവിടെ കിടന്നു.രണ്ടുദിവസം കൂടി പിന്നിട്ടു.തന്റെ അമ്മയെ എങ്ങനെയെങ്കിലും കാണണം എന്ന ആഗ്രഹത്തിൽ ജീവൻ മുറുകെ പിടിച്ച് അതിനിടയിൽ അങ്ങനെ കിടന്നു.
വിശപ്പിന്റെ വിളി. എങ്കിലും രക്ഷപ്പെടുക തന്നെ വേണം എന്ന് ജാനി മനസ്സിൽ ഉറപ്പിച്ചു.ഇപ്പോൾ ആ നാട്ടിൽ വെടിയുടെയും ബോംബുകളുടെയും ശബ്ദം ഒന്നുമില്ല.അവർ അവിടെ നിന്ന് പോയിരിക്കണം. പെട്ടെന്ന് ആരുടെയൊക്കെയോ കാലുകളുടെ ഞെരക്കം.
അതാരായിരിക്കും, രക്ഷിക്കാൻ വന്നതായിരിക്കുമോ അതോ ജീവനെടുക്കാനോ?

മിണ്ടാതെ അവൾ അങ്ങനെ തന്നെ കിടന്നു.എന്നാൽ ആ മനുഷ്യർ മരപ്പലകകൾ ഓരോന്നോരോന്നായി മാറ്റിക്കൊണ്ടിരിക്കുകയാണ്.
"അതാ....അവിടെ ഒരു കുഞ്ഞ്"
ജാനിയെ കണ്ടു അവർ ഉറക്കെ വിളിച്ചുപറഞ്ഞു
ജോലിയുടെ വേഗത കൂടി. പതുക്കെ പതുക്കെ  അവൾ കണ്ണുകൾ തുറന്നു.
നീലാകാശം.വെളിച്ചം അവളുടെ കണ്ണിൽ പ്രതിഫലിച്ചു.മെല്ലെ അവർ ആ കുഞ്ഞിനെ മുകളിലേക്ക് ഉയർത്തി. കണ്ണുതുറന്ന് ജാനി ആ നാടിന്റെ  അവസ്ഥയെ നോക്കി കണ്ടു.
യുദ്ധം വിതച്ച വിനാശങ്ങൾ ഒരു നഗരത്തെ പൂർണ്ണമായി നശിപ്പിച്ചിരിക്കുന്നു.ഒരുപാട് പേർ തൂങ്ങിമരിച്ച നിലയിൽ........നിലത്ത് രക്തം  ചിന്തി മനുഷ്യശരീരങ്ങൾ ........നിലം പതിച്ച വീടുകളും കെട്ടിടങ്ങളും .......
ഒരു മനുഷ്യൻ തന്റെ കുടുംബത്തിനുവേണ്ടി പരതി നടക്കുന്നു.ഒരു തരി ജീവൻ പോലും ബാക്കി വയ്ക്കാതെ അവർ എല്ലാവരേയും കൊന്നൊടുക്കി.ആണവായുധങ്ങളും ബോംബുകളും സൃഷ്ടിച്ച ആഘാതങ്ങൾ ഏറെ.സുന്ദരവുംസമാധാനപരവും ആയിരുന്ന പല കുടുംബങ്ങളും അന്ന് അപ്രത്യക്ഷമായി.വളരെ ചുരുങ്ങിയ ദിവസത്തിനുള്ളിൽ ഇത്രയും നാശനഷ്ടങ്ങൾ.ചുറ്റും കണ്ണീരിന്റെയും വേദനയുടെയും വിരൽപ്പാടുകൾ മാത്രം .ജീവശവങ്ങൾ നാടാകെ കൂമ്പാരം പോലെ കിടക്കുന്നു.

ജാനിയുടെ ദേഹത്തേറ്റ മുറിവുകളേക്കാൾ വേദന അവൾ കണ്ട കാഴ്ചക്കായ്യിരുന്നു,അവൾ കണ്ട നഗരത്തിനായിരുന്നു.താൻ ഓടി നടന്ന തന്റെ ഗ്രാമം ചിന്നഭിന്നമായിരിക്കുന്നു.കരച്ചിൽ അടക്കാൻ വയ്യാ..... ആ നാടിന്റെ മുഴുവൻ സങ്കടങ്ങളും അവളിൽ ഒതുങ്ങിയ പോലെയുള്ള നിസ്സഹായതയുടെ കരച്ചിൽ.കൈകൾ കൂപ്പി അവിടത്തെ ജനങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കാൻ അല്ലാതെ അവൾക്ക് വേറൊന്നും ചെയ്യാൻ കഴിഞ്ഞില്ല.

നിരവധി മനുഷ്യർ രക്ഷാപ്രവർത്തനങ്ങൾക്കായി മറ്റു സ്ഥലങ്ങളിൽ നിന്നും എത്തിയിരിക്കുന്നു. കുറെ മനുഷ്യ ശരീരങ്ങൾ അവർ എടുത്തുകൊണ്ടുപോകുന്നു.കൂട്ടത്തിൽ ഒരു സ്ത്രീയുടെ ശരീരം വെളുത്ത തുണികൊണ്ട് പുതപ്പിച്ച് കൊണ്ടു പോകുന്നത് ജാനിയുടെ ശ്രദ്ധയിൽപ്പെട്ടു.
"തന്റെ  അമ്മയായിരിക്കുമോ അത്?"
മനസ്സിൽ എന്തെന്നറിയാത്ത ഭീതി.
അവൾ ആ ശവശരീരത്തിന് അടുത്തേക്ക് ഓടിച്ചെന്നു. മുഖത്തുനിന്ന് തുണിമാറ്റാൻ ജാനി ശ്രമിച്ചു.പക്ഷേ അത് അവൾക്ക് ചെയ്യാൻ കഴിയുമായിരുന്നില്ല.
ഇനി അത്  അമ്മയാണെങ്കിൽ  സഹിക്കാൻ പറ്റുന്നതിലും അപ്പുറമാണ്.അമ്മയുടെ കണ്ണുകളടഞ്ഞ മുഖം അവൾക്ക് ആലോചിക്കാനേ വയ്യ.ആ ശരീരത്തെ ജാനി അങ്ങനെ നോക്കി നിന്നു. തന്റെ  അമ്മ എവിടെയോ അവൾക്കായി കാത്തിരിക്കുന്നുണ്ടാവുമെന്ന് പ്രതീക്ഷയിൽ ജാനി തിരികെ നടന്നു.കാലുകൾക്കും കയ്യുകൾക്കും, എന്തിന് ശരീരത്തിന് ആകെ അവശത.ആ 11 വയസ്സുകാരിയുടെ അതിജീവനം എന്നും കണ്ണീരിന്റെ പ്രതീകമായി അങ്ങനെ നിലനിന്നു.

2017 മാർച്ച് 7

അതെ ഞാനാണ് ജെനിഫർ.അന്നത്തെ ആ 11 വയസ്സുകാരി ജാനി.ഇതൊരിക്കലും എന്റെ  മാത്രം കഥയല്ല നിരവധി കുടുംബങ്ങൾ നേരിട്ട ദുരന്തത്തിന്റെ കഥയാണ്.അന്നത്തെ ആ യുദ്ധം ഉണ്ടായിരുന്നില്ലെങ്കിൽ ഇന്നും അച്ഛനും അമ്മയ്ക്കും ഒപ്പമുള്ള സന്തോഷകരമായ ജീവിതം ആയിരുന്നിരിക്കണം എന്റെ.അന്നത്തെ ആ ഒരു വയസ്സുകാരന് ഇപ്പോൾ 16 വയസ്സായേനെ.
എല്ലാം ഒരു കഥ പോലെ അന്ന് അവസാനിച്ചു.അമ്മ ഇന്നും എവിടെയെങ്കിലും സുരക്ഷിതമായി ഇരിക്കുന്നുണ്ടായിരുന്നെങ്കിൽ.......




യുദ്ധം അത് വരുത്തി വയ്ക്കുന്നത് എപ്പോഴും നഷ്ടങ്ങളുടെ ഒരു കൂമ്പാരമാണ്.പക്ഷേ ലോകത്ത് യുദ്ധം ഒഴിഞ്ഞ സമയം കുറവാണ്.
ആർക്കുവേണ്ടിയാണ് യുദ്ധം? *
എന്തിനുവേണ്ടിയാണ് യുദ്ധം?
എക്കാലത്തെയും പ്രസക്തമായ ചോദ്യം. ഇത് കേവലം രണ്ടു രാജ്യങ്ങൾ തമ്മിൽ മാത്രമല്ല ദശലക്ഷം മനുഷ്യ ജീവനുകളാണ് ബലിയാടുകളാകുന്നത്.ഓരോ യുദ്ധവും ദുരിതങ്ങളുടെ പേമാരിയാണ് മനുഷ്യരാശിക്ക് ബാക്കി വയ്ക്കാറുള്ളത്. ജീവനോപാധികളുടെ കൂട്ടനാശം.
കുറച്ച് ആളുകളിൽ മാത്രം തുടങ്ങുന്ന യുദ്ധങ്ങളും ഏറ്റുമുട്ടലുകളും അവസാനിക്കുമ്പോൾ അനേക ലക്ഷം ആളുകളാണ് ഇരകളായി തീരാറുള്ളത്.ഇനിയും എന്തിനാണ് യുദ്ധം? മാനവ മുഖത്തിന്റെ ക്രൂരതയ്ക്ക് മുന്നിൽ ഇനിയും ആരും ഇരയായിക്കൂടാ.
പ്രതികരിക്കണം. യുദ്ധങ്ങൾക്ക് അവസാനം വേണം.
നമ്മുടെ ലോകം യുദ്ധവും ഏറ്റുമുട്ടലുകളും ഇല്ലാത്ത പുതിയ ജനതയെ  ഉൾക്കൊള്ളുന്നതായിരിക്കുമെന്ന പ്രത്യാശയോടെ ഞാൻ നിർത്തുന്നു.

Sivada s prasad

9C

# ചുവന്ന പൂക്കൾ



[illegible]
വത്യസ്തനായി നീ നിന്നിരുന്നു.....
ഇതളാകെയങ്ങിങ്ങ് ഇലകണങ്ങൾ
വൈരം കണക്കമേ മിന്നി നിന്നു....
മാറിലെ ചന്തന പൊട്ടതാണേൽ
മാടിവിളിപ്പതാ വണ്ടുകളെ....
കൊച്ചിളം കാറ്റിന്റെ കൈകളാലെ
പച്ചില തൊടു തലോടി നിന്നു
രാവിലെ മാനത്തുദിച്ച മാരൻ
ഒട്ടൊന്ന സൂയയോടെത്തി നോക്കി
രാവിന്റെ തോഴനാം പൊന്നമ്പിളി
പുലരാൻ വരേയുഠ പ്രഭ ചൊരിഞ്ഞു

**ഫാത്തിമ സൻഹ വി.പി**

# വെയിൽ



പുലർ വേളയെ തൊട്ടുണർത്തു നീ....
പൂക്കൾക്കു വർണമേകി നീ...
അലിലക്കിടയിലൂടെ ഒളിഞ്ഞു നോക്കി നീ....
എന്നും പകലിന്റെ കൂട്ടുകാരീ....
മഴയെ പുണർന്നു മഴവില്ല് തീർത്തു നീ....
നിനക്കായ് പാടി കിളികളും
പാടി പൂക്കളും വരവേൽക്കുന്നു
നീ എന്നും പകലിന്റെ കൂട്ടുകാരീ....

**ഡിൽന ഫാത്തിമ. കെ കെ**

# ഏകാന്തത



വിജനവാം എൻ ദിന യാത്രയിൽ
കടലിനുള്ളിലെ
തിരമാലകളെപ്പോൽ ആഞ്ഞടിക്കുന്ന
ഓർമയിലലഞ്ഞ്
ഞാനുമെൻ മനസ്സും
ബാക്കി നിൽപ്പൂ.
ഏകാന്തതയുടെ വിദൂരത്തിലേ-
ക്കാന്നിറങ്ങി ചെന്നിന്ന്
ഞാനിന്നെത്തെ തിരഞ്ഞാലഞ്ഞു..
ഓർമ്മയാം ചില്ലുകൂട്ടിൽ
തരിച്ചിരുന്നെന്നെ നോക്കി
അന്ധകാരം ചിരിച്ചു നിൽപ്പു...
ഒറ്റപെടലാൽ
എൻ മനമിന്നു
ശൂന്യതയിലേക്ക്
ആഴ്ന്നിറങ്ങി.
ഏകാന്തതയാം
മടിത്തട്ടിലിരുന്നെന്നെ
ഓർമ്മയാം കരങ്ങൾ താലോലിപ്പൂ
ഇന്നെൻ വ്യഥകളാരോടു ചൊല്ലുമെന്നറിയാതെ
പരിഭവങ്ങളെയും സ്വപ്നങ്ങളെയും
ഞാനാകുന്ന മനസ്സും ശ്മശാനത്തിൽ
ദഹിപ്പിച്ചു.

**Mohammed Sanoof-Ap**

# മാന്ത്രിക മരം



അപ്പു 8 ൽ ആണ് പഠിക്കുന്നത്. അവന്റെ അച്ഛനും അമ്മയും അപ്പുവിനെ മുത്തശ്ശിയുടെ അടുത്താക്കി. അച്ഛനും അമ്മയും വിദേശത്തേക്ക് പോയി. അപ്പുവിന് അവന്റെ മുത്തശ്ശിയെ വളരെ ഇഷ്ടമാണ്. അവന് കൂട്ടുകാർ ആരും ഇല്ല. സ്കൂളിൽ അവന്റെ അടുത്ത് ഇരിക്കുന്ന ബാബുകുട്ടൻ മാത്രമാണ് അവന്റെ കൂട്ട്. മറ്റു എല്ലാ കുട്ടികളും സ്കൂൾ വിട്ട് കഴിഞ്ഞാൽ കളിക്കാനായി പോകും. എന്നാൽ അപ്പുവിനെ മാത്രം അവർ കൂടെ കൂട്ടില്ല.അപ്പു സ്കൂളിൽ നന്നായി പഠിക്കും. അതുകൊണ്ട് പഠിക്കാത്ത കുട്ടികൾക്കൊന്നും അവനെ ഇഷ്ടമല്ല. അതുകൊണ്ടാണ് അവനെ ആരും കളിക്കാൻ കൂട്ടാത്തത്. എല്ലാവരും കളിക്കുന്ന സമയത്ത് അവൻ തന്റെ കഥാപുസ്തകം എടുത്ത് വീടിന് മുന്നിലുള്ള കിളിച്ചുണ്ടൻ മാവിന് താഴെ ഇരുന്ന് കഥകൾ വായിക്കും. ഒരു ഞായറാഴ്ച ഇതുപോലെ മാവിൻ ചുവട്ടിൽ ഇരുന്ന് പുസ്തകം വായിക്കുമ്പോൾ മാവിൽ നിന്ന് പെട്ടെന്ന് ഒരു കണ്ണിമാങ്ങ വീണു.

അപ്പു കഥ വായനയിൽ മുഴുകിയിരിക്കുകയായിരുന്നു. പെട്ടെന്ന് കണ്ണിമാങ്ങ വീണത് കൊണ്ട് അപ്പു ഞെട്ടിപ്പോയി. അപ്പു കണ്ണിമാങ്ങ എടുത്ത് കടിച്ചു. കണ്ണിമാങ്ങ നല്ല പുളി  ഉണ്ടായിരുന്നു.അപ്പു മാവിൻ കൊമ്പിലേക്ക് നോക്കി. ചില്ലകളും ഇലകളും പൂവുകളുമായി  നിറഞ്ഞ് നിൽക്കുന്ന തണൽ വിരിച്ച ഒരു മാവായിരുന്നു. അത് "ശെരിക്കും ഒരു മുത്തശ്ശിമാവ് "പെട്ടെന്ന് ആരോ അപ്പുവിനെ വിളിക്കുന്നതായി തോന്നി. അപ്പൂ.... അമ്മൂമ്മ അല്ല അമ്മൂമ്മയുടെ ശബ്ദം ഇങ്ങനെയല്ല. ഇതൊരു പുരുഷന്റെ ശബ്ദമാണ്. അപ്പു ചുറ്റുപാടും നോക്കി, ആരുമില്ല. അപ്പു വീണ്ടും മുകളിലേക്ക് നോക്കി, ആ മാവാണ് തന്നോട് സംസാരിക്കുന്നതെന്ന് അപ്പുവിന് മനസ്സിലായി. അപ്പുവിന് പേടിയായി. വീണ്ടും മാവ് സംസാരിച്ചു "അപ്പൂ നീ പേടിക്കണ്ടെ ഞാൻ നിന്നെ ഒന്നും ചെയ്യില്ല. നീ ജനിച്ചപ്പോൾ മുതൽ ഞാൻ ഇവിടെ ഉണ്ട് നിന്റെ വിഷമങ്ങളും, സന്തോഷങ്ങളുമെല്ലാം ഞാൻ കാണുന്നുണ്ടായിരുന്നു. നീ ഇവിടെ എന്റെ തണലിൽ ഇരുന്ന് കഥകൾ വായിക്കുമ്പോൾ എനിക്ക് കഥ വായിച്ചു തരുന്നത് പോലെയാണ് തോന്നാറുള്ളത്. എനിക്ക് കൂട്ടുകാരൊന്നുമില്ല നിനക്കും കൂട്ടുകാർ ഇല്ലല്ലേ? നമുക്ക് രണ്ടുപേർക്കും കളിക്കാൻ കൂട്ടുകാരില്ല. എങ്കിൽ നമുക്ക് സുഹൃത്തുക്കളായാലോ? മരം അപ്പുവിനോട് ചോദിച്ചു. അപ്പു ഒരു നിമിഷം അന്തം വിട്ട് നിന്നു. അവനത് വിശ്വസിക്കാനായില്ല.

മരം ചോദിച്ചു നിനക്ക് എന്തുപറ്റി എന്താ ഒന്നും മിണ്ടാത്തത് ഞാൻ സംസാരിക്കുന്നത് കണ്ടിട്ടാണോ? എനിക്ക് നിന്നോട് സംസാരിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു അതിനാൽ ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം എനിക്ക് നിന്നോട് സംസാരിക്കാനുള്ള കഴിവ് തന്നു. അപ്പു ചോദിച്ചു ശെരിക്കും മരം തന്നെയല്ലേ?

മരം പറഞ്ഞു അതേ എന്താ ഇത്ര സംശയം. നീ ഇത്രയും കാലം എന്റെ തണലിൽ ഇരുന്നല്ലേ കഥ വായിച്ചിരുന്നത്. അപ്പു പറഞ്ഞു എനിക്ക് വിശ്വസിക്കാനാവുന്നില്ല എങ്കിലും എന്നോട് കൂട്ടുകൂടാനായി ഒരു വലിയ മരം സംസാരിക്കുകയോ അത്ഭുതം തന്നെ! നീ പറഞ്ഞില്ലേ നിനക്ക് കൂട്ടുകാരില്ലെന്ന് എനിക്ക് കൂട്ടുകാരില്ല അമ്മയും അച്ഛനും ഇല്ല മുത്തശ്ശി മാത്രമേ ഒള്ളു. നിനക്ക് മുത്തശ്ശി എങ്കിലും ഇല്ലേ ഞാൻ എന്റെ അമ്മയിൽ നിന്ന്
ഞെട്ടറ്റ് വീണതിന് ശേഷം പിന്നെ കൂടെപ്പിറപ്പുകളും ഇല്ല അച്ഛനും ഇല്ല അമ്മയും ഇല്ല മരം പറഞ്ഞു.

സാരമില്ല..
എങ്കിൽ ശെരി നമുക്ക് കൂട്ടുകാരാകാം അപ്പു പറഞ്ഞു. നീ എന്നെ ഒരിക്കലും ഇട്ടിട്ട് പോകരുത് എനിക്ക് നീ അല്ലാതെ മറ്റൊരു കൂട്ടുകാരനില്ല അപ്പു പറഞ്ഞു. മരം പറഞ്ഞു ശെരി നമുക്ക് കൂട്ടുകാരാകാം എന്നാൽ നമ്മുടെ സൗഹൃതത്തിനായി ഞാൻ ഒരു കഥ പറയാം നീ എന്റെ തണലിൽ ഇരുന്നോ മരം പറഞ്ഞു. അപ്പു മരത്തിന്റെ തണലിൽ ഇരുന്നു പെട്ടന്ന് ആരോ അപ്പുവിനെ തട്ടി വിളിക്കുന്നതായി തോന്നി അവൻ കണ്ണ് തുറന്നു മുത്തശ്ശിയാണ് മോനെ എന്താ മാവിൻ ചുവട്ടിൽ ഇരുന്ന് ഉറങ്ങുന്നത്, കഥ വായിക്കുകയാണെന്നും പറഞ്ഞ് ഇവിടെ ഇരുന്ന് ഉറങ്ങുകയാണോ? മുത്തശ്ശി പറഞ്ഞു

മുത്തശ്ശി... മുത്തശ്ശിക്കറിയാമോ നമ്മുടെ ഈ മാവ് സംസാരിക്കും അപ്പു പറഞ്ഞു. വിഡ്ഢിത്തം പറയാതെ അപ്പു. ഞാനിപ്പോൾ ഒരു സന്തോഷ വാർത്ത പറയാനാണ് വന്നത് നിന്റെ അമ്മയും അച്ഛനും വരുന്നുണ്ടെന്ന് ലണ്ടനീന്ന് അമ്മ കത്തയച്ചിരുന്നു മുത്തശ്ശി പറഞ്ഞു. ശെരിക്കും! എനിക്ക് സന്തോഷമായി അപ്പു പറഞ്ഞു

ശെരി എനിക്ക് അടുക്കളയിൽ ജോലി ഉണ്ട് ഞാൻ പോകട്ടെ മുത്തശ്ശി പറഞ്ഞു. അപ്പു മാവിന്റെ നേരേക്ക് തിരിഞ്ഞ് പറഞ്ഞു : മാവേ.. എന്റെ അമ്മയും അച്ഛനും വരുന്നുണ്ട്  നീ എന്താ ഒന്നും മിണ്ടാത്തത്. മാവേ... മാവേ... ങേ ഞാൻ കണ്ടത് സ്വപ്നം ആയിരുന്നോ? ഹോ എന്ത് നല്ല സ്വപ്നം ആയിരുന്നു! എന്നാലും എനിക്ക് സന്തോഷം ആയി. എന്റെ അച്ഛനും അമ്മയും വരുന്നുണ്ടല്ലോ.

അപ്പു വീണ്ടും അവന്റെ സ്വന്തം മാന്ത്രിക മരത്തിനു അടിയിൽ ഇരുന്ന് വീണ്ടും കഥ വായിച്ചു.

**Sneha 9C**



SHAUNA SARA SHAJI 8 A